പരാതി കിട്ടി എത്രാം ദിവസമാണ് ശ്രീ. നന്ദകുമാറിനെ അറസ്റ്റ് ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ബി) ഏത് കോടതിയിൽ, എത്രാം നമ്പർ ആയാണ് ഈ കേസ് എടുത്തിട്ടുള്ളത് ;

(സി) ഐ. ടി. ആക്ട് 66എ(എ,ബി) പ്രകാരം ജാമ്യം പോലീസ് സ്റ്റേഷനിൽ വച്ചുതന്നെ നൽകാമെന്നിരിക്കെ ജാമ്യക്കാരനുമായി എത്തിയിട്ടും ജാമ്യം നൽകാതെ ശ്രീ. നന്ദകുമാറിനെയും ശ്രീ. രാജു ഹരിഹരനെയും പുലർച്ചെ ഒരു മണിയ്ക്ക് കോട്ടയം മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) 7-7-2010-ൽ ശ്രീ. നന്ദകുമാറിനെപ്പറ്റി അപകീർത്തിപരമായ വാർത്ത പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ദേശാഭിമാനിയുടെ വെബ് സൈറ്റിനെതിരെ എന്തെങ്കിലും പരാതി ഡി.ജി.പി.ക്ക് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ, ഈ പരാതിയിന്മേൽ കേസ്സെടുത്തുവോ ;

(എഫ്) എടുത്തെങ്കിൽ കേസിലെ ഇതുവരെയുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ജി) ശ്രീ. നന്ദകുമാറിനെതിരെയുള്ള കേസ്സിലെ നടപടിക്ക് സമാനമായി ദേശാഭിമാനിയുടെ ഓഫീസിൽ നിന്ന് കമ്പ്യൂട്ടർ ഹാർഡ് ഡിസ്കും മറ്റ് പല ഉപകരണങ്ങളും പിടിച്ചെടുത്തിട്ടുണ്ടോ ; ദേശാഭിമാനിയുടെ ചീഫ് എഡിറ്ററെയും മറ്റും അറസ്റ്റ് ചെയ്യുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എച്ച്) ദേശാഭിമാനിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചതുപോലെ ശ്രീ. നന്ദകുമാർ ക്രൈം-ൽ വാർത്ത നൽകുമെന്ന് പറഞ്ഞ് ആരെയെങ്കിലും ബ്ലാക്ക് മെയിൽ ചെയ്ത് പണം തട്ടിയെടുത്തത് സംബന്ധിച്ച് എന്തെങ്കിലും കേസ് കേരളത്തിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ക്രൈം ചീഫ് എഡിറ്റർ നന്ദകുമാറിനെതിരെയുള്ള കേസ്

47 (5957) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 7-7-2010-ൽ ക്രൈം ചീഫ് എഡിറ്റർ ശ്രീ. ടി. പി. നന്ദകുമാർ, തന്നെ അപകീർത്തിപ്പെടുത്തിയ വാർത്ത പ്രസിദ്ധീകരിച്ചുവെന്നതിന്റെ പേരിൽ ദേശാഭിമാനി വെബ്സൈറ്റിനെതിരെ ഡി.ജി.പി.-ക്ക് പരാതി നൽകുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. ടി. പി. നന്ദകുമാർ അപകീർത്തിപ്പെടുത്തിയതായി പരാതി നൽകിയതിന്റെ പേരിൽ നന്ദകുമാറിനെതിരെ മൂന്നു ദിവസത്തിനുള്ളിൽ നടപടി സ്വീകരിച്ച പോലീസ്, നന്ദകുമാറിന്റെ പരാതിയിലും കാലതാമസമുണ്ടാകാതെ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുമോ ;

(സി) ഇതു സംബന്ധിച്ച ദേശാഭിമാനി ചീഫ് എഡിറ്റർക്കെതിരെ ഇതുവരെ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ദേശാഭിമാനി വെബ്സൈറ്റിൽ പറഞ്ഞിട്ടുള്ളതുപ്രകാരം ക്രൈം പത്രാധിപർ ശ്രീ. ടി. പി. നന്ദകുമാർ ക്രൈം പ്രസിദ്ധീകരണത്തിൽ പ്രസിദ്ധീകരിക്കും എന്നു പറഞ്ഞ് ബ്ലാക്ക്മെയിൽ ചെയ്തു എന്നതിന്റെ പേരിൽ സംസ്ഥാനത്തെവിടെയെല്ലാം നന്ദകുമാറിനെതിരെ കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; എങ്കിൽ എത്ര കേസ്സുകൾ ;

(ഇ) നന്ദകുമാറിനെതിരെ കള്ള കേസ്സെടുത്ത സി.ഐ.യ്ക്കെതിരെ എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ; എങ്കിൽ ഇയാൾക്കെതിരെ എന്തു കേസ്സാണുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. ഉമേഷ് ചള്ളിയിൽ എക്സ് എം.എൽ.എ. യെ ആക്രമിച്ച കേസ്സ്

48 (5958) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ഉമേഷ് ചള്ളിയിൽ എക്സ് എം.എൽ.എ.-യുടെ വാഹനം തടഞ്ഞ് നിറുത്തി മൂത്തകുന്നം ലേബർ ജംഗ്ഷനിൽ വച്ച് ഒരു സംഘം സാമൂഹ്യ വിരുദ്ധർ ആക്രമിച്ചത് സംബന്ധിച്ച കേസ്സിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ സംഭവത്തിൽ ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇനിയും ഏതെങ്കിലും പ്രതികളെ പിടികിട്ടാനുണ്ടോ ; എങ്കിൽ അവരുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത കേസ്സ് നിസാരമായ വകുപ്പുകൾ ചേർത്ത് പ്രതികൾക്ക് രക്ഷപ്പെടാൻ പഴുതുകൾ നൽകുന്നത് സംബന്ധിച്ച ആക്ഷേപത്തിന്മേൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly